**ഗ്രാന്റ് കേരള ഷോപ്പിങ്ങ് ഫെസ്റ്റിവൽ ശുദ്ധ അസംബന്ധമാണെന്നും, ടൂറിസ്റ്റുകൾ ഇതിനെ സ്വീകരിക്കില്ലെന്നും ഒരു വിനോദസഞ്ചാരസംരംഭകൻ വിലയിരുത്തുന്നു.**

# 'ഗ്രാന്റ് കേരള'! അവകാശവാദങ്ങളിൽ കഴമ്പില്ല

കെ.എ. സമദ്

കേരള ഷോപ്പിംഗ് ഫെസ്റ്റിവെലിന് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ എന്ന് പേരിട്ടത് പരിഹാസ്യമായിപ്പോയി. കേമനായ ഞാൻ എന്ന് പറഞ്ഞ് തുടങ്ങിയാൽ നിങ്ങൾക്കെന്നെ പറ്റി എന്തുതോന്നുമോ അത് പോലെയാണീ ഗ്രാന്റ് കേരള. ഗ്രെയിറ്റ് ബ്രിട്ടീഷ് എയർലൈൻസെന്നോ ഡിപ്പന്റബിൾ പെട്രോളിയം കമ്പനിയെന്നോ പേരിടുമോ? (ഹോണസ്റ്റ് ബേക്കറി എന്ന് തൃശ്ശൂക്കാരന് പേരിടാം) ഗ്രാന്റ് ആണ് ഫെസ്റ്റിവൽ എന്ന് അനുഭവസ്ഥർ പറയണം. സ്വയം പുകഴ്ത്തരുത്.

ക്രാന്തദർശികളായ നമ്മുടെ ഭരണകർത്താക്കൾ ദുബായിൽ നിന്നാവാം പ്രചോദനമുൾക്കൊണ്ടത്. ഒരു ആഗോള വാണിജ്യകേന്ദ്രമാവാൻ കേരളത്തിന് എല്ലാ അർഹതയുമുണ്ട്. സത്യത്തിൽ 500 കൊല്ലങ്ങൾക്ക് മുമ്പ് വരെ കേരളം ഒരു ആഗോള വാണിജ്യ കേന്ദ്രമായിരുന്നു. പോർട്ടുഗീസുകാരെ പിന്തുടർന്ന് ബ്രിട്ടീഷുകാർ ഇവിടെ വന്ന് കൈയ്യേറിയതോടെ ഇവിടത്തെ സ്വാതന്ത്ര്യ വിപണി അസ്തമിച്ചു. നിയന്ത്രണങ്ങളേറി. ഇപ്പോഴും അവസ്ഥ ഒട്ടും മാറിയിട്ടില്ല. കറുത്ത സായിപ്പന്മാർ കള്ളസമിട്ടും അവരുടെ രാഷ്ട്രീയ യജമാനന്മാർ മുണ്ടുടുത്തും കർക്കശമായി എല്ലാം നിയന്ത്രിക്കുന്നു. കൃത്യമായി കപ്പം വാങ്ങുന്നു. കേരളം ഒരു സ്വാഭാവിക വിപണിയാവണമെങ്കിൽ ദുരന്മാർ നാടുനീങ്ങണം. ദുര പോണം.

ദുബായിൽനിന്നോ സിംഗപ്പൂരിൽനിന്നോ ആശയം ഉൾക്കൊള്ളുന്നതിൽ തെറ്റുണ്ട്. പക്ഷെ കുറെ കൂപ്പണടിച്ചു വിറ്റാണ് 30 കൊല്ലം മുമ്പ് വെറുമൊരു മുക്കുവ കോളണിയായിരുന്ന ദുബായ് ഇന്നത്തെ നിലയിലെത്തിയതെന്ന് തെറ്റിദ്ധരിക്കരുത്. ചിന്തിച്ചുറച്ച പരിപാടികളോടെ നിശ്ചയ ദാർഢ്യത്തോടെ മുന്നേറിയാണ് അവർ ഈ നിലയിലെത്തിയത്.

ദുബായ് തകരുമെന്ന് പറയുമ്പോൾ ലോകമെമ്പാടും ആളുകൾ ഞെട്ടുന്നുണ്ടെങ്കിൽ അതവരുടെ വളർച്ചയാണ് കാണിക്കുന്നത്.

പണം കൊടുത്ത് പത്രം വാങ്ങി രാവിലെത്തന്നെ വായിക്കാനിരിക്കുമ്പോൾ പത്രകമ്പനിയെത്തന്നെ വിഴുങ്ങിയ ഗ്രാന്റ് കേരള പരസ്യം കണ്ട് എന്ത് തോന്നി? എനിക്ക് വെറുപ്പ് തോന്നി. 50 കൊല്ലത്തിലേറെയായി ഞാൻ വായിക്കുന്ന മാതൃഭൂമിയോട് ഗ്രാന്റ് കേരളയോട് അറപ്പാണ് തോന്നിയത്. സ്വന്തം ജനതയെ ധൂർത്തടിക്കാൻ പ്രേരിപ്പിക്കുന്ന ഭരണകർത്താക്കളോട് അറപ്പ് തോന്നിയതിൽ തെറ്റുണ്ടോ കൂട്ടുക്കാരാ? ചോദിച്ചവരെല്ലാം 'ഇല്ല' എന്ന് പറഞ്ഞു. ദുബായിലും സിംഗപ്പൂരിലും പുറത്തുള്ളവർ വന്നാണ് വ്യാപാരം നടത്തുന്നത്. ദേശാഭിമാനിയിൽ ഉടലോടെ പരസ്യം കൊടുത്താൽ വിദേശികൾ ഇരച്ച് കയറുമോ?


കഴിഞ്ഞ രണ്ട് മൂന്ന് കൊല്ലമായി നടന്ന് വരുന്ന ഷോപ്പിംഗ് ഫെസ്റ്റിവൽ എന്താണ് ചെയ്യുന്നത്? വ്യാപാരികളുടെ കൈയിൽനിന്ന് കുറെപണം പിരിക്കും. ഈ അധിക ചിലവ് സ്വാഭാവികമായും സാധന വിലയിൽ കൂടും. വാങ്ങുന്നവർക്ക് വിലയനുസരിച്ച് കൂപ്പൺ നൽകും നറുക്കെടുക്കും. സമ്മാനങ്ങൾ നല്കും. ലക്ഷ്യ

മിടുന്ന ഉപഭോക്താക്കളിൽ (Targeted Customer) ഫോറം പൂരിപ്പിച്ചു നല്കാൻ തയ്യാറുള്ളവർ എത്രയുണ്ടാവുമെന്ന് ആരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ? 7–10 ദിവസത്തേക്കാണ് ഒരു ടൂറിസ്റ്റ് കേരളത്തിലെത്തുന്നത്. ഇങ്ങനെയൊരു സമ്മാന പദ്ധതിയിൽ അവക്കാർക്കെങ്കിലും താല്പര്യമുണ്ടോ? സമ്മാനം കിട്ടുന്നതും കാത്ത് ലക്ഷകണക്കിന് വരുമാനമുള്ള ഇവർ കേരളത്തിൽ കാത്തുക്കിടക്കുമോ? അതോ കർത്തവ്യനിരതരായ നമ്മുടെ ഉദ്യോഗസ്ഥർ ഭദ്രമായി സമ്മാനം ഷിക്കാഗോയിലെ അല്ലെങ്കിൽ ടൊറോന്റോയിലെ വീട്ടിൽ എത്തിച്ചു കൊടുക്കുമോ? അഥവാ ദില്ലിയിലെങ്കിലും കൂപ്പൺ – സമ്മാന പദ്ധതി കാലഹരണപ്പെട്ടതാണ്. നല്ല വാങ്ങൽ ശേഷിയുള്ളവർ കൂപ്പൺ എടുത്ത് കാത്തിരിക്കുന്നവരല്ല. കൂപ്പൺ കൊടുത്ത് ഇവിടെ വിപണി വർദ്ധിപ്പിക്കാനാവില്ല.

കേരളത്തെ പുരാതന കാലത്തെപ്പോലെ ഒരു വാണിജ്യ കേന്ദ്രമാക്കാൻ പറ്റില്ലേ? പറ്റും

(1) ഭരണ വർഗ്ഗത്തിൽ മനസ്സ് പാകപ്പെടണം ദ്വരന്മാർ ഒരു കോണിവെച്ച് ദന്ത ഗോപുരങ്ങളിൽ നിന്നിറങ്ങിവന്ന്, മട്ടാഞ്ചേരിയിലെ ജൈന കച്ചവടക്കാരോടും, കണ്ടാശ്ശേരിയിലെ നസ്രാണികളോടും മലബാറിലെ മാപ്പിളമാരോടും ചോദിച്ച് എന്താണ് തദ്ദേശീയ വാണിജ്യം എന്ന് ചോദിച്ചറിയണം. കോഴിക്കോട്ടെയും തൃശ്ശൂരിനെയും അങ്ങ് ട്രിവാന്ദ്രത്തേയും ഓരോ തുണിക്കടയിൽ കയറി എന്താണ് വ്യത്യാസമെന്ന് തിരിച്ചറിയണം. വാണിജ്യമാണ് കണക്കെഴുത്തല്ല പ്രധാനമെന്ന് മനസ്സിലാക്കണം.

(2) വാണിജ്യം പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം നിയമവും അതിന്റെ നടപ്പാക്കലും നാട്ടുക്കാരെല്ലാം മോശക്കാരാണെന്നപോലെയുള്ള സമീപനം സ്വാതന്ത്ര്യം നേടി 60 കൊല്ലം കഴിഞ്ഞ സ്ഥിതിക്ക് ഒഴിവാക്കാം. അഴിമതി ഒരു സംസ്കാരമായിക്കഴിഞ്ഞു. ഇവിടെ ഇനിയത് പ്രോത്സഹിപ്പിക്കുകയാണ് വേണ്ടത്. നന്നായി കാര്യങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന് മനസ്സറിഞ്ഞ് പണം കൊടുക്കണം. തടസ്സങ്ങൾ സൃഷ്ടിക്കുന്നവരെ പേപ്പട്ടിയെപോലെ




കല്ലെറിയുകയും വേണം. അവരാണ് നാടിന്റെ യഥാർത്ഥ ശത്രുക്കൾ. കാശ് വാങ്ങി കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കികൊടുക്കുന്നവേരക്കാൾ.

(3) നികുതി കുറയ്ക്കണം ആഗോളവല്കരിക്കപ്പെട്ട ആധുനിക ലോകത്തു പണം വെള്ളം പോലെയാണ്. താന്നിടത്തേക്കെ ഒഴുകു. ദുബായിൽ നിന്ന് അഥവാ ബാംഗ്ലൂരിൽ നിന്ന് വരുന്ന ഒരാൾ കേരളത്തിൽ നിന്ന് വാച്ചു വാങ്ങില്ല. കൂപ്പൺ കൊടുത്താലും ഭാഗ്യക്കുറി ടിക്കറ്റ് തന്നെ കൊടുത്താലും വാങ്ങില്ല. കാരണം ഇവിടത്തെ നികുതി കൂടുതലാണ്. കൈക്കൂലിയടക്കമുള്ള മറ്റ് അനാമത്ത് ചിലവുകൾ കൂടുതലാണ്. കൂലി കൂടുതലാണ്. മൊത്തത്തിൽ ബോംബെയിലോ കോയമ്പത്തൂരോ ഉള്ള കച്ചവടക്കാരുമായി മത്സരിക്കാൻ ഇവിടത്തുകാർക്കാവില്ല. കേരളത്തിന്റെ മനോഹാരിതയിൽ മയങ്ങി. ഇന്ത്യയിലെ ഏറ്റവും കൂടുതൽ ലക്ഷറി ടാക്സ് കൊടുത്ത് ടൂറിസ്റ്റ് വരുന്നുണ്ടാവാം. പക്ഷെ അവർ ഇവിടെ നിന്ന് കാര്യമായൊന്നും വാങ്ങിക്കില്ല.

ചുവപ്പു നാട ഇപ്പോഴും ഇവിടത്തെ സങ്കീർണ്ണ പ്രശ്നമാണ്. ലളിതമായ ഒരു പങ്കാളിത്തകരാർ അറിവുള്ളവരുടെ നിർദ്ദേശപ്രകാരം 1000 കയുടെ മുദ്രപത്രത്തിൽ അടിച്ചു കഴിഞ്ഞ മെയ് 18–ാം തിയ്യതി അയച്ചത് ഡിസംബർ 8–ാം തിയ്യതി തിരിച്ചയച്ചത് എന്റെ മുമ്പിലുണ്ട്. കൂടെയുള്ള കത്തിൽ നിന്ന് എന്ത് തെറ്റാണ് ചെയ്തതെന്ന് വ്യക്തമല്ല. ഞാൻ പറയുന്നത് ശരിയാണെങ്കിൽ, രജിസ്ട്രേഷൻ ഐ. ജി.യെ രാജ്യദ്രോഹത്തിന് ശിക്ഷിക്കേണ്ടേ? രാജ്യത്തിന്റെ പുരോഗതിക്ക് ഉതകേണ്ട ഒരു കാര്യം തടഞ്ഞ് വെച്ചത് രാജ്യദ്രോഹമല്ലേ?

മേൽ പറഞ്ഞതൊക്കെ ഒരു ശുദ്ധാദ്ധാവിന്റെ എണ്ണിപ്പെറുക്കലാണ്. കാര്യമിതൊന്നുമല്ല. ബക്കറ്റ് പിരിവ് പോലെ അനന്തസാദ്ധ്യതകളുള്ള ഒരു വൻ സംരഭമാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫസ്റ്റിവൽ. ഗുണങ്ങളേറെ. വ്യാപാരികളിൽ നിന്ന് പണം പിരിക്കാം. വൻ പരസ്യങ്ങൾ നൽകി പത്രക്കാരെ കോൾമയിർ കൊള്ളിക്കാം. വേണ്ടപ്പെട്ടവർക്ക് ജോലി കൊടുക്കാം. അണികളെ കൂടെ നിർത്താം. ഈ നിലക്ക് പോയാൽ നമ്മുടെ തിരുവാതിര ഞാറ്റുവേല തിരിച്ച് വന്നേക്കും. ധനമന്ത്രി പറയുന്നത് ജി.കെ.എസ്. എഫ്. ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കും എന്നതാണ്. ടാക്സ് പിടിക്കാൻ വലിയ വാളുമായി നടന്നാലും നടക്കാത്ത സ്ഥലത്ത് ഒരു സൂത്രപ്പണികൊണ്ട് പ്രശ്നം പരിഹരിക്കാൻ പറ്റുമെന്നാണ് ധനമന്ത്രി വിചാരിക്കുന്നത്. കൊക്കിന്റെ തലയിൽ വെണ്ണ വെച്ച് പിടിക്കുന്നതുപോലെയുള്ള ഒരു മണ്ടൻ പ്രയോഗം മാത്രമാണിത്.